വനിത
ശിശുവികസന
വകുപ്പ്

മഹാത്മാവിനെ ഇന്ത്യ
ആഘോഷിക്കുന്നു

# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**
**(ഹാജർ: :ശ്രീമതി.അനുപമ ടി.വി ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)**

വിഷയം:- വനിതാ ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - തിരുവനന്തപുരം സ്വദേശി കാശിനാഥ് എന്ന കുട്ടിക്ക് ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1) തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ:DCPO/T/D1/2341/21 തീയതി :06.10.2021

==========================================================================
====

**ഉത്തരവ് നമ്പർ: ICPS-4(A)/11784/2021 തീയതി: 23.11.2021**

==========================================================================

തിരുവനന്തപുരം ജില്ലയിൽ വർക്കല ,തച്ചോട് തിരുവാതിരയിൽ ശ്രീ.വിഷ്ണു മോഹൻ ശ്രീമതി.രേഷ്മ എന്നീ ദമ്പതികളുടെ മകനായ കാശിനാഥ് (3 വയസ്സ്) എന്ന കുട്ടിയുടെ കാലിൽ അസാധാരണമായ മുഴ കാണപ്പെടുകയും തുടർന്ന് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ട് പോകുകയും,ഹോസ്പിറ്റലിലെ പരിശോധനയിൽ കുട്ടിക്ക് കാൻസര് രോഗം തിരിച്ചറിയുകയും തുടർന്ന് ഒരു വർഷത്തെ ചികിത്സയ്ക്ക് ശേഷം കുട്ടിയെ RCC ലേക്ക് തുടര് ചികിത്സയ്ക്കായി മാറ്റുകയും,നിലവിൽ കിമോ പൂർത്തിയാക്കിയ ശേഷം തുടർ ഫോളോ അപ്പ് നൽകി വരുന്നുവെന്നും,കിംസ് ലെ ചികിത്സയ്ക്കായി ഏകദേശം 1 ലക്ഷം രൂപ ചിലവ് വന്നതായും ആയതിനാൽ നിലവിൽ കുടുംബത്തിൻറെ സാമ്പത്തിക സ്ഥിതി വളരെ മോശം ആണ് എന്നും ഇനിയും ദീർഘനാൾ ചികിത്സ തുടരേണ്ടതുള്ളതിനാൽ കുട്ടിക്ക് ബാലനിധിയിൽ ഉൾപ്പെടുത്തി ലഭ്യമായ ബില്ലുകളുടെ അടിസ്ഥാനത്തിൽ 97,083/-രൂപ അനുവദിച്ച് നൽകണമെന്ന് തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള തിരുവനന്തപുരം ജില്ലയിൽ വർക്കല ,തച്ചോട് തിരുവാതിരയിൽ ശ്രീ.വിഷ്ണു മോഹൻ ശ്രീമതി.രേഷ്മ എന്നീ ദമ്പതികളുടെ മകനായ

കാശിനാഥ് ന്റെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശുപാർശ ചെയ്ത 97,083/-രൂപ നിന്നും ടെസ്റ്റ് ന് ചെലവായ ബില്ലുകളുടെ തുക മാത്രം കണക്കാക്കി ആകെ 64,163 /-**രൂപ (അറുപത്തി നാലായിരത്തി ഒരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം )** അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

ടി തുകയായ 64,163 /-**രൂപ (അറുപത്തി നാലായിരത്തി ഒരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം )** തിരുവനന്തപുരം വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിൻറെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി തിരുവനന്തപുരം ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

*വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ &*
*മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)*

**ജില്ലാ വനിത *ശിശു* വികസന ഓഫീസർ,**
**തിരുവനന്തപുരം**

<u>പകർപ്പ്</u>

1. ജില്ല ശിശു സംരക്ഷണ ഓഫീസർ,തിരുവനന്തപുരം
2. സൂപ്രണ്ട്, A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്